നമ്മുടെ ഇമാമുകൾ

കെ.കെ. കുഞ്ഞാലി മുസ്‌ലിയാർ, ചേലക്കാട്

# ഇബ്നുമാലിക്(റ)

വിശ്വവിഖ്യാത പണ്ഡിതനാണ് ഇമാം ഇബ്നുമാലിക്(റ). സ്വനാമം മുഹമ്മദ്. മാലിക് മകൻ അബ്ദുല്ലാഹ് പിതാവ്. ഉപനാമം അബൂഅബ്ദില്ലാഹ്. ജമാലുദ്ദീൻ സ്ഥാനപ്പേർ. പിതാമഹനിലേക്കു ബന്ധപ്പെടുത്തി 'ഇബ്നുമാലിക്' എന്നാണ് പ്രസിദ്ധി. അന്തോലേഷ്യ സംസ്ഥാനത്തെ ജയ്യാൻ എന്ന പ്രദേശത്ത് ഹിജ്റ: 600-ൽ ജനനം. അറബ് ഗോത്രത്തിലെ ത്വയ്യിഅ് വംശജനാണ് ഇമാം.

നിരവധി ഗുരുവര്യന്മാരുണ്ട്. ഇബ്നു യഈശ്, ഇബ്നുൽ ഹാജിബ്, ഇബ്നുഅംറൂൻ, സാബിത് എന്നിവർ പ്രധാനികളാണ്. അറബുഭാഷാ സാഹിത്യത്തിന് അനിവാര്യമായ സ്വർഫ്, നഹ്വ്, ലുഗത് എന്നീ വിജ്ഞാനങ്ങളിൽ അതികായനും അതുല്യനും കിടയറ്റ പ്രതിഭാശാലിയുമാണദ്ദേഹം. ഖിറാഅത്ത് സംബന്ധമായ വിദ്യയിലും തഥൈവ. തൽവിഷയത്തിൽ ഇമാം ശാത്വബിയുടെ 'ഹിർസുൽ അമാനി' എന്ന ഗ്രന്ഥത്തിലുള്ളതും അതിലും കൂടുതലുൾക്കൊള്ളിച്ചുള്ളതുമാണ് ഇമാം രചിച്ച ഖസീദത്തുദ്ദാലിയ്യ: എന്നത്.

തഫ്സീർ, ഹദീസ് എന്നിവയിലും മികവുറ്റവരാണ്. അറബു പദ്യങ്ങൾ ഹൃദിസ്ഥമാക്കുന്നതിൽ അപാരകഴിവുള്ളവരാണ്. മരിക്കുന്ന സമയത്തുപോലും 8 ബൈത്ത് പഠിച്ചിരുന്നുവെന്ന് പറയപ്പെടുന്നു.

അദ്ദേഹം നിശ്ചയിച്ചു സമർത്ഥിക്കുന്ന വ്യാകരണ നിയമങ്ങൾക്ക് വിശുദ്ധഖുർആൻ, തിരുഹദീസ് എന്നിവക്കു പുറമെ തനി അറബികളുടെ ഗദ്യ-പദ്യമൊഴികൾ തെളിവായി ഉദ്ധരിക്കേണ്ടി വരും. അതിനാൽ അത്തരം കവിതകളും മറ്റും ഇമാം നല്ലപോലെ മനഃപാഠമാക്കിയിരുന്നു. വിജ്ഞാന കുതുകിയായ മഹാനർ ഹലബ്, ദിമശ്ഖ്, ശാം എന്നീ രാജ്യങ്ങളിലേക്കെല്ലാം യാത്രചെയ്തു ധാരാളം അറിവുകൾ സമ്പാദിച്ചിരുന്നു. ഡമാസ്കസിൽ താമസമാക്കിയ കാലത്ത് അവിടുത്തെ ഖാളിയും മുഫ്തിയും ചരിത്രപണ്ഡിതനുമായ ഇബ്നുഖല്ലികാൻ എന്നയാ

ളുമായി ധാരാളം സന്ധിച്ചിരുന്നു. അവിടെ ഇമാമത്ത് ജോലിയുള്ള അദ്ദേഹത്തെ ഇബ്നുഖല്ലിഖാൻ ആദരപൂർവ്വം വീട്ടിലേക്കു കൊണ്ടുപോകാറുണ്ട്. ആദ്യം മാലികീ മദ്ഹബ് സ്വീകരിച്ച ഇമാം പിന്നീടു ശാഫിഈ മദ്ഹബാണ് അവലംബമാക്കിയത്.

അതിബുദ്ധിമാൻ, സത്യസന്ധൻ, സദ്വൃത്തൻ, സൂക്ഷ്മശാലി, ഇബാദത്ത് പെരുത്തയാൾ എന്നീ ഗുണങ്ങളെല്ലാം ഒത്തിണങ്ങിയ സുസമ്മദനാണ് ഇമാമവർകൾ.

താൻ പഠിച്ച വിദ്യകളത്രയും മറ്റുള്ളവർക്കു പകർന്നു നല്കുന്നതിൽ അത്രമാത്രം ശോഭിച്ചിട്ടില്ല. മറ്റു പല ഇമാമുകൾക്കുമുള്ളതുപോലെ നേരിട്ട് ഒരു വലിയ ശിഷ്യസമ്പത്ത് അദ്ദേഹത്തിനുള്ളതായി പറയപ്പെടുന്നില്ല. മദ്റസയുടെ ഗേറ്റിൽ ചെന്നുകൊണ്ട് അദ്ദേഹം ഇങ്ങനെ വിളിച്ചുപറയാറുണ്ട്. തഫ്സീർ, ഹദീസ്, അഥവാ മറ്റുവിദ്യകൾ ആർക്കെങ്കിലും പഠിക്കണമെന്നുണ്ടെങ്കിൽ വരൂ. ഞാൻ പറഞ്ഞു തരാം. ആരും വന്നില്ലെങ്കിൽ 'വിജ്ഞാനം മറച്ചുവയ്ക്കുകയെന്ന കുറ്റത്തിൽ നിന്ന് ഞാൻ രക്ഷപ്പെട്ടുവല്ലോ' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം മടങ്ങിപ്പോകും. ഇതായിക്കാം 'നിങ്ങളിൽ വല്ല യുവാക്കളുമുണ്ടോ' എന്ന് അൽഫിയ്യയിൽ അദ്ദേഹം ചോദിച്ചത്. എങ്കിലും ശൈഖ് മുഹ്യിദ്ദീനുന്നവവി(റ) അദ്ദേഹത്തിന്റെ തിൽമീദായിരുന്നുവെന്നതു തന്നെ മതി ഇമാമിന്റെ മഹാസൗഭാഗ്യത്തിന്. തന്റെ വീട്ടിൽ ഉണ്ടായിരുന്ന മഹാനരെ ഉദ്ദേശിച്ചുകൊണ്ടാണ് 'ബഹുമാന്യരിൽ ഒരാൾ നമ്മുടെ അടുത്തുണ്ട്' എന്ന് അൽഫിയ്യ:യിൽ പറഞ്ഞതെന്ന് ചിലർ പറഞ്ഞിട്ടുണ്ട്. ശറഹ്മുസ്ലിമിൽ ഇമാം നവവി(റ) തന്റെ ഈ ഗുരുവര്യരെ പലയിടത്തായി ഉദ്ധരിച്ചിട്ടുണ്ട്.

ഇബ്നുന്നഹ്ഹാസ്, ഇബ്നുൽഅത്ത്വാർ, ഇബ്നു അബിൽഫത്ഹ്, മകൻ ബദ്റുദ്ദീൻ എന്നിവർ ഇമാമിൽ നിന്നു പഠിച്ചവരാണ്. ഗഹനവും ഉപകാരപ്രദവുമായ ചില ഗ്രന്ഥങ്ങൾ ഇമാം രചിച്ചു. റജസ് രീതിയിൽ നഹ്വ് വിഷയത്തിലുള്ള ഒരു കിതാബ് എഴുതിയിരുന്നു. പിന്നീട് അത് ഗദ്യരൂപത്തിലാക്കിയതാണ് 'അൽഫവാഇദുന്നഹ്വിയ്യ:'. ഇതിനെ ലളിതമാക്കിയതാണ് 'തസ്ഹീലുൽ ഫവാഇദ്' എന്നത്. മൂവ്വായിരം ബൈതുകൾ ഉള്ളതാണ് 'അൽ കാഫിയതുശ്ശാഫിയ'. ഇതിനെ അദ്ദേഹം തന്നെ വ്യാഖ്യാനിച്ചതാണ് അൽവാഫിയ. കാഫിയയുടെ സംഗ്രഹവും കഴമ്പും സത്തുമാണ് ആയിരം അഥവാ രണ്ടായിരം ബൈതുകൾ അടങ്ങിയ അൽഫിയ്യ: എന്ന 'ഖുലാസ്വ,' ഇതിനെ വ്യാഖ്യാനിച്ചും അവകൾക്ക് വീണ്ടും വിശദവിവരണങ്ങളും മറ്റു പലതും ഉൾക്കൊള്ളിച്ച നിരവധി ഗ്രന്ഥങ്ങൾ പ്രഗൽഭരായ പണ്ഡിതശ്രേഷ്ഠർ രചിച്ചിട്ടുണ്ട്. ചിലതു മാത്രം താഴെ.

മകൻ ബദ്റുദ്ദീൻ മുഹമ്മദ് (686) എന്നവരുടെ ശർഹ്-ഇബ്നുമുസ്വന്നിഫിന്റെ ശർഹ് എന്നാണ് പ്രസിദ്ധം. പിതാവിന്ചില സ്ഥലങ്ങളിൽ പിഴവു സംഭവിച്ചിട്ടുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. ചിലർ അതിനെ ന്യായീകരിച്ചും ഖണ്ഡിച്ചും വിവരിച്ചിട്ടുണ്ട്. ഏതായാലും 'മുലകുടിക്കുന്ന ചെറിയ ഒട്ടകങ്ങൾ,മല്ലന്മാരും ശക്തരുമായ വലിയ ഒട്ടകങ്ങളെ കുത്തിവീഴ്ത്താൻ നോക്കേണ്ട' എന്നാണ് ചിലർ ഒരുവരി പദ്യത്തിലൂടെ പാടിയത്. തന്റെ മകനും ശിഷ്യനുമായ ബദ്റുദ്ദീൻ തനിക്കെതിരെ പറയുമെന്ന് കശ്ഫ് മുഖേനെ ലഭിച്ച അറിവ് കൊണ്ടാകും ഇങ്ങനെ അദ്ദേഹം പറഞ്ഞത്: 'നീഎന്റെ മകൻ തന്നെ തീർച്ച. ദുഃഖിതയായ ഭർത്താവില്ലാത്ത പെണ്ണിന്റെ കരച്ചിൽ പോലെ ഞാൻ കരയുന്നു(നിന്നെ ഓർത്ത്)'. ഇപ്രകാരം ചില സൂചകൾതഥങ്ങളോടു കൂടിയാണ് ഇമാമിന്റെ എല്ലാ മിസാലുകളെന്നും ചിലർ പറഞ്ഞിട്ടുണ്ട്. ഇബ്നുഅഖീൽ എന്ന പേരിൽ ശ്രുതിപ്പെട്ട ഒരാളുടെ ശർഹാണ് മറ്റൊന്ന്. അബൂത്വാലിബിന്റെ മകൻ അഖീലിന്റെ പരമ്പരയിൽ പെട്ട അബ്ദുറഹ്മാൻ മകൻ അബ്ദുല്ല എന്നയാൾ(769). ഇമാം സുയൂഥി(റ)യുടെ ചെറിയ ഒരു ശർഹാണ് അൽബഹ്ജതുൽ മർളിയ്യ:. മകൂദീ എന്ന് പ്രസിദ്ധമായ അബ്ദുറഹ്മാനുബ്നു അലിയ്യ് എന്നവരുടേതാണ്(807) പ്രചാരത്തിലുള്ള ഒരു വ്യാഖ്യാന ഗ്രന്ഥം. സുദീർഘമായ നിരവധി വിജ്ഞാനങ്ങൾ അടങ്ങിയതാണ് 'ഉശ്മൂനീ' എന്നറിയപ്പെടുന്ന ഗ്രന്ഥം. നൂറുദ്ദീൻ അലിയ്യ് എന്ന ആളുടേത്(900).

ഇബ്നുൽ ഖയ്യിമിന്റെ(765)താണ് 'അർശദുസ്സാലിക്'-അൽഫിയ്യയുടെ ഗദ്യരൂപത്തിലാക്കിയ ഗ്രന്ഥങ്ങളുമുണ്ട്. 'ഔളഹുൽ മസാലിക്' എന്ന പേർ നല്കി പിന്നീട് 'തൗളീഹ്' എന്നു പ്രസിദ്ധമായതാണൊന്ന്. ഇബ്നുഹിശാമിന്റേതാണിത്(762). ഇതിനു പലർക്കും ഹാശിയകളുണ്ട്. ഇമാം സുയൂഥിയുടേതാണ് തൗശീഹ്. ഇഅ്റാബ് വിവരിക്കാനുള്ളതാണ് അസ്ഹരിയുടെ(905) തംരീനുത്തുല്ലാബ്. ഇതിൽ ഇമാം റംലി(റ)(844)ക്കും കിതാബുണ്ട്. ഇങ്ങനെ പ്രഗൽഭരായ പണ്ഡിതർ വിശകലനം നടത്തി അവരവരുടെ വിലപ്പെട്ട ജ്ഞാനങ്ങൾ രേഖപ്പെടുത്താൻ ഹേതുവായത് ശാഫിഈ ഫിഖ്ഹിൽ മിൻഹാജെന്നെ പോലെ നഹ്വിൽ അൽഫിയ്യ എന്നത് അതിഗഹനമായ ഒരു കിതാബായത് കൊണ്ടാണ്. നമ്മുടെ നാടുകളിൽ മുൻകാല ഉലമാക്കളാൽ പഠിപ്പിക്കപ്പെടുന്നത് രണ്ട് മഖ്ദൂമുകളുടെ ശർഹോട് കൂടിയ അൽഫിയ്യയാണ്. അദ്കിയാഅ്, മുർശിദ് തുടങ്ങിയ ഗ്രന്ഥങ്ങളുടെ കർത്താവായ വലിയ മഖ്ദൂം എന്നറിയപ്പെടുന്ന സൈനുദ്ദീൻ ബിൻ അലിയ്യ്(റ) എന്നവരുടേതാണ് ആദിമുതൽ ഖബ്ലുൻ കഗയ്റുവരെ. അവിടം മുതൽ അവസാനംവരെയുള്ളത് അദ്ദേഹത്തിന്റെ മകനും ഫത്ഹുൽ മുഈനിന്റെ കർത്താവായ ചെറിയ സൈനുദ്ദീന്റെ(റ) പിതൃവ്യനുമായ അബ്ദുൽ അസീസ് എന്ന ആളുടേതാണ്. ഇമാം ഇബ്നു മാലികിന്റെ മററ് ചില ഗ്രന്ഥങ്ങളാണ് ലാമിയത്തുൽ അഫ്ആൽ, ഉംദ, 'സബ്കുൽ മൻളൂം', 'ഖസീദത്തു ത്ത്വാഇയ്യ' തുടങ്ങിയ്യുള്ളത്.

പിൻ തലമുറക്ക് വിജ്ഞാനത്തിന്റെ വിശിഷ്യ ഭാഷാനിയമത്തിന്റെ സകലതും പഠിപ്പിച്ചു മൺമറഞ്ഞുപോയ ഒരു മഹാ മനീഷിയാണ് ഇബ്നു മാലികെന്ന പേരിൽ പ്രസിദ്ധരും സച്ചരിതരും മുത്തഖിയും സ്വാലിഹുമായ ആ പ്രതിഭാശാലി. ഹി: 672 ശഅ്ബാനിൽ ഡമാസ്കസിൽ വഫാതായി. മഹാനരെ ഫിർദൗസിൽ അല്ലാഹു വസിപ്പിക്കട്ടെ. ഒപ്പം നമ്മെയും. ✻